# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാനിയമം

5873 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സാജു പോൾ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഭക്ഷ്യസുരക്ഷാനിയമം കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ നിയമം നടപ്പാക്കുമ്പോൾ എത്ര കാർഡുടമകൾ കേരളത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്ന് പുറത്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന പ്രയാസങ്ങൾ വകുപ്പ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നിയമത്തിൽ മാറ്റം വരുത്താൻ ഈ വകുപ്പ് എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പൊതുവിതരണത്തിനുള്ള സബ്സിഡി</u>

5874 ശ്രീ. സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, എം. പി. വിന്‍സെന്റ്
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ബി. പി. എല്‍. /എ. പി. എല്‍ വിഭാഗങ്ങള്‍ക്ക് പൊതുവിതരണത്തിനായി കേന്ദ്രം അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും അളവ് വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ ;വിശദമാക്കുമോ;

(ബി) ഇതുവഴി സബ്സിഡിയിനത്തില്‍ സംസ്ഥാനത്തിന് എന്തു തുക ലഭിക്കും ;

(സി) അരിയും ഗോതമ്പും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ചരക്ക് കൂലിയില്‍ എന്തെല്ലാം ഇളവുകളാണ് വരുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

1 രൂപ, 2 രൂപ നിരക്കുകളിൽ നൽകിയ അരി

5875 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണഭോക്താക്കളിൽ എത്ര പേർക്ക് 1 രൂപ നിരക്കിൽ റേഷനരി നൽകിയിട്ടുണ്ട് ;

(ബി) ഈ പദ്ധതി ആരംഭിച്ച തീയതി മുതൽ ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ എത്ര കിലോഗ്രാം അരി വിതരണം ചെയ്യുകയുണ്ടായി ;

(സി) 2 രൂപ നിരക്കിൽ ഒരു കിലോഗ്രാം അരി നല്കിയിരുന്ന മുൻ സർക്കാർ പദ്ധതിയനുസരിച്ച് എത്ര കുടുംബങ്ങൾക്ക് അരിക്ക് അർഹതയുണ്ടായിരുന്നു ; 2 രൂപ നിരക്കിൽ എത്ര കിലോഗ്രാം അരി ആണ് നൽകിയിരുന്നത് ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഈ വിളവെടുപ്പ് സീസണിലെ നെല്ലു സംഭരണം

5876

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ ഈ വിളവെടുപ്പ് സീസണിൽ സപ്ലൈകോ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ നൽകാമോ;

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും നൽകികഴിഞ്ഞുവോ; ഇല്ലെങ്കിൽ ഈയിനത്തിലുളള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോയ്ക്ക് ഈ ഇനത്തിൽ സർക്കാർ എത്ര രൂപ നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>എഫ്.സി.ഐ ഗോഡൗണിലെ ഭക്ഷ്യധാന്യശേഖരം</u>

5877 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഫ്.സി.ഐ ഗോഡൗണുകളിൽ ശേഖരിച്ച ഭക്ഷ്യധാന്യങ്ങൾ പുഴുവരിച്ചും, വെള്ളം ചോർന്ന് ചീഞ്ഞും, മറ്റു വിവിധ കാരണങ്ങളാലും നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് എത്ര അളവിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ നശിച്ചുപോയിട്ടുണ്ടെന്ന് അറിയാമോ;

(സി) അരിവില ദിനംപ്രതി ക്രമാതീതമായി വർദ്ധിക്കുമ്പോൾ റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട അരിയും, മറ്റു ഭക്ഷ്യ ധാന്യങ്ങളും നശിച്ചുപോകാതെ സൂക്ഷിക്കാനും അവ സമയബന്ധിതമായി വിതരണം ചെയ്യാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ഇന്ധനത്തിന്റെ ഗുണനിലവാരം

5878 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, എം. ഉമ്മര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പെട്രോള്‍ /ഡീസല്‍ പമ്പുകളിലൂടെ വിതരണം നടത്തുന്ന ഇന്ധനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താന്‍ ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) പമ്പുകളിലേക്ക് കൊണ്ടുവരുന്ന ഇന്ധനത്തില്‍ വഴി മദ്ധ്യേ മായം ചേര്‍ക്കുന്ന പ്രവണത തടയുന്നതിന് നിലവിലുള്ള സുരക്ഷാസംവിധാനങ്ങള്‍ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അക്കാര്യത്തില്‍ ഫലപ്രദാമായ സുരക്ഷാസംവിധാനങ്ങള്‍ ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇന്ധനത്തില്‍ മായം ചേര്‍ത്ത് വില്പന നടത്തിയതിനെതിരെ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; എത്ര കേസില്‍ ഉത്തരവാദികളെ ശിക്ഷിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>എഫ്. സി. ഐ. ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്ന അരി</u>

5879 ശ്രീ. എളമരം കരീം
,, ജി. സുധാകരൻ
,, ജെയിംസ് മാത്യു
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില കുതിച്ചുയരുമ്പോഴും എഫ്. സി. ഐ. ഗോഡൗണുകളിൽ ഉൾപ്പെടെ ടൺകണക്കിന് അരി പുഴുവരിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മലയാള പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) അറ്റകുറ്റപണി നടത്താതിരുന്നതിനാൽ ഗോഡൗണുകളിലെ ചോർച്ചയെ തുടർന്ന് പലയിടത്തും അരി ചീഞ്ഞു തുടങ്ങിയിരിക്കുന്നതായ വാർത്തകളുടെ വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>എഫ്. സി. ഐ. ഗോഡൗണുകളുടെ അറ്റകുറ്റപണികൾ</u>

5880 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രയെണ്ണം എഫ്. സി.ഐ ഗോഡൗണുകൾ ഉണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഗോഡൗണുകളുടെ അറ്റകുറ്റപണികൾ ആരുടെ ചുമതലയിലാണ്; ഇത് കൃത്യമായി നടക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തപ്പെടേണ്ട ഗോഡൗണുകൾ എത്രയെണ്ണമുണ്ടെന്ന് അറിവുണ്ടോ;

(ഡി) എഫ്. സി. ഐ. ഗോഡൗണുകളിൽ സംഭരിക്കപ്പെടുന്ന ഭക്ഷ്യസാധനങ്ങൾ ഉന്നത നിലവാരത്തിൽ സൂക്ഷിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തേണ്ട ഗോഡൗണുകളിൽ അവ അടിയന്തിരമായി ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കാലാവധി കഴിഞ്ഞ എൽ.പി.ജി. സിലിണ്ടറുകൾ</u>

5881 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ എൽ.പി.ജി. സിലിണ്ടറുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് സിലിണ്ടറുകൾ പൊട്ടിത്തെറിക്കുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എൽ.പി.ജി. സിലിണ്ടറുകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കുക്കിംങ് ഗ്യാസ്  ബുക്കിങ്ങിന് ഓൺ ലൈൻ സംവിധാനം</u>

5882 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുക്കിംങ് ഗ്യാസ് വിതരണത്തിലുള്ള അഴിമതി കാരണം പൊതു ജനങ്ങൾക്ക് മുൻഗണനാക്രമം അനുസരിച്ച് ഗ്യാസ് സിലണ്ടർ ലഭിക്കുന്നില്ലന്നെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് കുക്കിംങ് ഗ്യാസ് ബുക്കിങ്ങിനായി ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിനായി ഒരു വെബ്സൈറ്റ് തുടങ്ങി ഓൺ ലൈൻ ആയി ഗ്യാസ് സിലണ്ടർ ബുക്കുചെയ്യുന്നതിനും ഏജൻസികളിലെ ഗ്യാസ് സിലണ്ടറുകളുടെ സ്റ്റോക്ക് നിലവാരം നിരീക്ഷിക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>പാചക വിതരണ ഏജൻസികളുടെ പ്രവർത്തനം</u>

5883 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചക വാതക വിതരണ ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് ഉപഭോക്താക്കൾക്കുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാചക വാതക സിലിണ്ടറുകളിൽ കൃത്യമായ അളവിൽ വാതകം നിറച്ചിട്ടുണ്ടെന്ന് ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്താൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) അളവിൽ കൃത്രിമം കാണിക്കുന്ന ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) ബുക്കുചെയ്യുന്നതിന്റെ മുൻഗണനാക്രമത്തിൽ ഗ്യാസ് സിലിണ്ടറുകൾ എത്തിക്കുന്നതിനും, സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

## കാസര്‍ഗോഡ് ജില്ലയിലെ പാചകവാതക വിതരണം

5884 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പാചകവാതക വിതരണം നടത്തുന്ന ഏജന്‍സികള്‍ അമിതമായി വിതരണക്കൂലി ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) അമിതമായി വിതരണ കൂലി ഈടാക്കുന്നത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ ;

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>സിവിൽസപ്ലൈസ് ഹോൾ സെയിൽ ഡിപ്പോകൾ</u>

5885 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലേയ്ക്ക് ധാന്യങ്ങൾ വിതരണം ചെയ്യുന്ന സിവിൽ സപ്ലൈസ് ഹോൾസെയിൽ ഡിപ്പോകൾ നിലവിൽ മിക്ക താലൂക്കുകളിലും നഗരങ്ങളിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിച്ചുവരുന്ന ഡീസൽ/പെട്രോൾ വില കണക്കിലെടുത്ത് ചരക്ക് കടത്തിനുളള അദ്ധ്വാനം ചരക്കുകൂലി എന്നിവ ക്രമീകരിക്കുന്നതിനായി നിലവിലുളള ഡിപ്പോകൾ രണ്ടോ മൂന്നോ പഞ്ചായത്തുകൾക്കിടയിൽ ഒന്ന് എന്ന രീതിയിൽ വികേന്ദ്രീകരിച്ച് പുന:സ്ഥാപിക്കുന്നതിനുളള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) റേഷൻ കടകളിൽ പലയിടങ്ങളിലും എണ്ണ, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ നൽകുന്നതിന് ശാസ്ത്രീയമായ അളവ് തൂക്ക സംവിധാനങ്ങൾ ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംവിധാനങ്ങൾ ഇല്ലാത്തത് കാരണം പൊതുജനങ്ങൾക്ക് അവർക്ക് ലഭിക്കേണ്ടുന്ന സാധനങ്ങൾ കൃത്യമായി അളവിൽ ലഭിക്കാതിരിക്കുന്ന സാഹചര്യം ഗൗരവത്തോടെ കണ്ട് പരിഹാരനടപടികൾ സ്വീകരിക്കുമോ;

(ഡി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ വിതരണം സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും കേൾക്കാൻ താലൂക്ക്തലത്തിൽ അദാലത്ത്/പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്താൻ തയ്യാറാവുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കേരളത്തിനുള്ള റേഷൻ വിഹിതം</u>

5886 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ ഓരോന്നിന്റെയും കേന്ദ്രസർക്കാരിൽ നിന്നുള്ള വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അളവിൽ പിന്നീട് കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ 2012 മെയ് 30-ന് കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതം എത്രയായിരുന്നു; ഓരോന്നിന്റെയും അളവ് വ്യക്തമാക്കുമോ;

(സി) റേഷൻ ക്വാട്ട വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റേഷന്‍ സാധനങ്ങളുടെ ഗുണനിലവാരം</u>

5887 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

റേഷന്‍കട വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മായം ചേര്‍ക്കല്‍ തടയുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുളളത്?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റേഷൻ വ്യാപാരികളുടെ കമ്മീഷൻ</u>

5888 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003 ന് ശേഷം റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വ്യാപാരികൾക്ക് ലോറി വാടക, കയറ്റിറക്ക് കൂലി, റൂം വാടക, സ്റ്റേഷനറി, പ്രിന്റിംഗ് മറ്റ് പോക്ക് വരവ് എന്നിവയ്ക്കായി വരുന്ന ചെലവ്, ഒരു ക്വിന്റലിന് കമ്മീഷനായി കിട്ടുന്ന 34 രൂപയെക്കാൾ കൂടുതലാകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-വർഷത്തിന് ശേഷം ട്രാൻസ്പോർട്ട് ചാർജ് ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ മണ്ണെണ്ണ, പഞ്ചസാര എന്നിവയുടേതുൾപ്പെടെയുള്ള കമ്മീഷൻ ചാർജ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

234-ാം നമ്പർ റേഷൻ കട

5889 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന 214-ാം നമ്പർ റേഷൻകട മെയ് 31-ാം തീയതി അവിടെ നിന്നും മാറ്റി സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റേഷൻ കട മാറ്റി സ്ഥാപിക്കുന്നതിന് അനുമതി വാങ്ങിയിരുന്നോ;

(ബി) റേഷൻ കട പഴയ സ്ഥലത്തു തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചു വെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സപ്ലൈകോ ജീവനക്കാരുടെ പ്രമോഷൻ</u>

5890 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാരുടെ പ്രൊമോഷൻ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊമോഷനോടെ നികത്താൻ ഉദ്ദേശിക്കുന്ന ജൂനിയർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വടക്കൻ ജില്ലകളിൽ ഔട്ട്ലെറ്റുകൾ നടത്താൻ ജീവനക്കാരില്ലാതെ അടച്ചുപൂട്ടൽ ഭീഷണി നിലനിൽക്കുമ്പോൾ തിരുവനന്തപുരം ജില്ലയിൽ അധികം ഡെപ്യൂട്ടേഷൻ ജീവനക്കാരെ വിന്യസിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ വിജിലൻസ് പരിശോധന</u>

5891 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ അഴിമതി ഇല്ലാതാക്കാൻ മുൻ സർക്കാർ കൊണ്ടുവന്ന ഇ-ടെൻഡർ പദ്ധതിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) തൃശൂർ, പാലക്കാട് ഗോഡൗണുകളിൽ കഴിഞ്ഞ ജനുവരിയിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ;

(സി) ഇതിൽ വിജിലൻസ് എസ്.പി യുടെ കണ്ടെത്തലും ലാബിലെ പരിശോധനാ ഫലവും തമ്മിൽ പൊരുത്തക്കേട് ഉണ്ടായിട്ടുണ്ടോ;

(ഡി) വിജിലൻസ് മായം ചേർത്തുവെന്നു കണ്ടെത്തിയ ഉൽപ്പന്നങ്ങൾ മികച്ച ഗുണ നിലവാരമുള്ളവയാണെന്ന ലാബ് പരിശോധനാഫലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സപ്ലൈകോ എം.ഡി നടത്തിയ അന്വേഷണത്തിൽ എത്ര സാമ്പിളുകളാണ് ശേഖരിച്ചത്; അതിൽ എത്ര സാമ്പിളുകൾ മായം ചേർന്നതും ചേരാത്തതുമായി ഉണ്ടായിരുന്നു;

(എഫ്) ഇതിന്റെ പൂർണ്ണമായ കണക്ക് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വെക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ജൂനിയർ മാനേജർ തസ്തികകൾ</u>

5892 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ ജൂനിയർ മാനേജർമാരുടെ എത്ര തസ്തികകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2006 മുതൽ നാളിതുവരെ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട ജൂനിയർ മാനേജർമാരുടെ ഒഴിവുകളുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻകാർഡ്</u>

5893 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ അപേക്ഷിക്കുന്ന ദിവസം തന്നെ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതു പ്രകാരം അപേക്ഷ നൽകുന്ന ദിവസം തന്നെ റേഷൻ കാർഡ് നൽകുന്നുണ്ടോ;

(സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ റേഷൻ കാർഡിനായി സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>എ. പി. എൽ. റേഷൻ കാർഡ് ബി. പി. എൽ. ആക്കി മാറ്റുന്നതിന് നടപടി</u>

5894 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ലഭിച്ച എ. പി. എൽ. റേഷൻ കാർഡുകൾ മാറ്റി ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്;

(ബി) എത്ര സമയത്തിനുള്ളിൽ കാർഡ് മാറ്റി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

നേമം മണ്ഡലത്തിലെ എ.പി.എൽ. കാർഡ് ബി.പി.എൽ കാർഡാക്കി മാറ്റുവാനുള്ള അപേക്ഷകർ

5895 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എ.പി.എൽ. കാർഡുകൾ ബി.പി.എൽ റേഷൻ കാർഡുകളാക്കി മാറ്റി നൽകണം എന്നാവശ്യപ്പെട്ട് നേമം നിയോജകമണ്ഡലത്തിലെ കാർഡുടമകളിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്;

(സി) ശേഷിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടി എന്ന് പൂർത്തിയാകും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ബി. പി. എൽ. റേഷൻ കാർഡിനായുള്ള അപേക്ഷകൾ</u>

5896 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ എ. പി. എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള അപേക്ഷ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ശബരി സ്റ്റോറുകൾ</u>

5897 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ</u>

5898 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാവേലി സ്റ്റോർ തുടങ്ങുന്നതിൽ നിന്നും പിന്നോട്ടു പോകുവാൻ കാരണമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതുക്കിയ നിബന്ധന പ്രകാരം മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യത വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ</u>

5899 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ; മാവേലി സ്റ്റോറുകൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡം ഏതാണ് ; വിശാംശദങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പയ്യന്നൂരിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ</u>

5900 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ മലയോര മേഖലയിൽ പൊതു വിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കുറ്റേ്യരി വില്ലേജിൽ മാവേലിസ്റ്റോർ</u>

5901 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം പഞ്ചായത്തിലെ കുറ്റേ്യരിയിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ അനുവദിക്കൂ എന്ന നിബന്ധന നിലവിലുണ്ടോ;

(ഡി) പഞ്ചായത്ത് മതിയായ സൗകര്യങ്ങൾ ഒരുക്കുകയും ലാഭകരമായി സ്റ്റോർ നടത്തുന്നതിനുള്ള മാനദണ്ഡം പാലിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്താൽ പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോർ അനുവദിക്കുമോ;

(ഇ) എങ്കിൽ അടിയന്തിരമായി കുറ്റേ്യരിയിൽ മാവേലി സ്റ്റോർ ആരംഭിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ഉപഭോക്തൃബോധവല്‍ക്കരണം</u>

5902 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഉപഭോക്തൃ ബോധ വല്‍ക്കരണത്തിനായി എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചി ട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) സ്ക്കൂളുകള്‍ വഴി ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പി ക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ഭൂമിയിലെ ന്യായവില നിശ്ചയിക്കുന്നതിലെ അപാകതകൾ

5903 ശ്രീ. ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ കേൾക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;

(ബി) എത്ര ദിവസങ്ങൾക്കുളളിൽ പ്രസ്തുത അപാകതകൾ പരിഹരിക്കാനാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഓൺലൈൻ വഴി നൽകിയ സർട്ടിഫിക്കറ്റുകൾ

5904 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ ഓഫീസുകൾ ഓൺലൈനാക്കിയതിന് ശേഷം നാളിതുവരെ ഓൺലൈൻ ആയി എത്ര സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകയുണ്ടായി ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

5905 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന തിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്നുമുതലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്;

(സി) പ്രസ്തുത സംവിധാനം ആരംഭിച്ചതിന് ശേഷം എത്ര ഫേമുകൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

രജിസ്ട്രേഷൻ വകുപ്പിലെ പൗരാവകാശരേഖ

5906 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സമയബന്ധിതമായി പ്രസ്തുത രേഖ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ആധാരമെഴുത്തുകാര്‍ക്ക് ക്ഷേമനിധി</u>

5907 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആധാരം എഴുത്തുകാരുടെ തൊഴില്‍ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ആധാരമെഴുത്തുകാര്‍ക്ക് ക്ഷേമനിധി ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കു ന്നുണ്ടോ; വിശദാംശങ്ങള്‍ നല്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ഏര്‍പ്പെടുത്തുന്നതിനുവേണ്ടി ബില്‍ അവതരിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കമ്പ്യൂട്ടര്‍വല്‍ക്കരണത്തിലൂടെ ആധാരമെഴുത്തുകാര്‍ക്ക് തൊഴില്‍ നഷ്ടപ്പെടുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കേളകം സബ് രജിസ്ട്രാർ ഓഫീസ്

5908 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേളകം, കൊടിയൂർ, കണിയൂർ പഞ്ചായത്തുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം കേളകം ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ;

(ബി) പ്രസ്തുത ഓഫീസ് എത്രയും വേഗം പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?